LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറു ജീവനക്കാരുടെ അംഗീകൃത സംഘടനകൾ

* 194. (718) ശ്രീ. എം. രാമുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരള ഗവൺമെൻറു ജീവനക്കാരുടെ അംഗീകൃത സർവ്വീസ് സംഘടനകൾ ഏതെല്ലാം.

(ബി) ഓരോന്നിലെയും അംഗസംഖ്യ എത്ര?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) കേരള ഗവൺമെൻറു ജീവനക്കാരുടെ അംഗീകൃത സർവ്വീസ് സംഘടനകളുടെ ഒരു പട്ടിക മേശപ്പുറത്ത് വച്ചിട്ടുണ്ട്. †

(ബി) ഈ വിവരം ഗവൺമെൻറിൻെറ കൈവശം ഇല്ല.

മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ട്

* 195. [719] ശ്രീ. എം. എം. തോമസ്സു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പദ്ധതിക്കുവേണ്ടിയുള്ള കുടിയൊഴിപ്പിക്കൽ സംബന്ധിച്ച് മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടിലുള്ള ശുപാർശകൾ പുനഃപരിശോധിക്കണമെന്നുകാണിച്ച് മലനാട് കർഷക യൂണിയനിൽനിന്നു വല്ല നിവേദനം ലഭിച്ചിട്ടുണ്ടോ,

(ബി) ഉണ്ടെങ്കിൽ അതുസംബന്ധിച്ച് എന്തുനടപടികൾ സ്വീകരിച്ചു.

(സി) കല്യാണപ്പാറത്തണ്ടിനും ചിന്നാറിനുമിടക്കുള്ളവരെയും പീച്ചിയിലെ കൃഷിക്കാരെയും സംബന്ധിച്ച് സർക്കാർ അവസാനതീരുമാനം എടുത്തിട്ടുണ്ടോ,

(ഡി) ഉണ്ടെങ്കിൽ അതു എന്താണ്,

(ഇ) മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടിൻമേലുള്ള സർക്കാർതീരുമാനം പുനഃപരിശോധിക്കാൻ റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കാൻ തയ്യാറാകുമോ,

വ്യവസായവും തൊഴിലും വകുപ്പു മന്ത്രി (ശ്രീ. പി. രവീന്ദ്രൻ)

(എ) ഉണ്ട്.

(ബി) പ്രസ്തുത നിവേദനം പരിഗണനയിലാണ്.

(സി, ഡി.) കല്യാണപ്പാറത്തണ്ടിനും ചിന്നാറിനും മദ്ധ്യേയുള്ള പ്രദേശം പദ്ധതികൾക്ക് ആവശ്യമുണ്ടോ എന്നു റിപ്പോർട്ട്ചെയ്യാൻ ഇലക്ട്രിസിറ്റി ബോർഡിനോടും ജലസേചനവകുപ്പു ചീഫ് എൻജിനീയറോടും ആവശ്യപ്പെട്ടിട്ടുണ്ട്. പീച്ചി ജലസേചനപദ്ധതിക്കും വനംസംരക്ഷണത്തിനും അപൂർവ്വം ചിലരെമാത്രം ഒഴിപ്പിക്കേണ്ടിവരും.

(ഇ) മണിയങ്ങാടൻകമ്മിറ്റി റിപ്പോർട്ടിലെ വിവിധ ശുപാർശകൾ അവഗാഢം പരിശോധിച്ചശേഷമാണ് തീരുമാനങ്ങൾ എടുത്തിരിക്കുന്നത്. പ്രസ്തുത തീരുമാനങ്ങൾ എല്ലാം പുനഃപരിശോധനചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

---

† Appendix I